# CHURCH WEEKLY

## July 2020

*An Ecumenical Publication from*

**THE ALWAYE FELLOWSHIP HOUSE**

# Church Weekly

Vol. 74
Issue 7
July 2020


Sri K.C. Chacko
*Founder of the Church Weekly (1946)*




*An Ecumenical Publication from*
**THE ALWAYE FELLOWSHIP HOUSE**

*74th Year of Publication*
**FOUNDER CHIEF EDITOR : Sri. N.M. ABRAHAM**
First Published : December 1946



## CHURCH WEEKLY

**C/o The Alwaye Fellowship House**
**Union Christian College P.O.**
**Alwaye - 683 102,**
**Kerala, South India.**
**Ph : 0484-2605630, 2606986**

*E-mail : churchweeklyafh@gmail.com*
*fellowshiphse@gmail.com*
*Chief Editor : mgk.afh@gmail.com*
**Website**
*www.alwayefellowshiphouse.com*



**EDITORIAL BOARD**

**KURUVILLA M. GEORGE IRS (Retd)**
**0484-2603260**
(Chief Editor)
**Prof. ABRAHAM MATHEW**
**Prof. M.T. SARAMMA**
**SANTHOSH OOMMEN**
**Dr. M.I. PUNNOOSE**
**Dr. ANNIE DAVID**
**GEORGE JOSEPH**
**Dr. GEORGE EIPE**
**Dr. VARGHESE JOHN**

**ADVISOR**

**K.V. MAMMEN**

**CIRCULATION MANAGER**

**K.O. ELIAS**
**0484-2606986, 9446718234**


**SUBSCRIPTION RATES**

| | Inside India |
|---|---|
| Single Issue | ₹ 10.00 |
| Annual | ₹ 100.00 |
| 10 years | ₹ 900.00 |
| Life (Patron) | ₹ 10000.00 |


| | Outside India |
|---|---|
| Annual | ₹ 600.00 or 10 USD |
| 10 years | ₹ 6000.00 or 100 USD |
| Life (Patron) | ₹ 60000.00 or 1000 USD |

- *Articles, Advertisements and Letters may be sent to the Chief Editor. Photos and matrimonial requests are also welcome. (Full page Rs.1000, Half page Rs.500)*
- *All correspondence regarding subscription enquiries may be sent to the Circulation Manager.*


***DISCLAIMER***
*The Alwaye Fellowship House is not responsible for the contents of the articles or the genuineness of the advertisements published in the Church Weekly.*


*Read... Subscribe... Recommend...*

# മഹദ്‌വചനം



*"It is very easy to defeat someone,*
*but it is very hard to win someone"*

**A.P.J. Abdul Kalam**
Born: October 15, 1931
Died: July 27, 2015

## ഈ ലക്കത്തിൽ


| | | | |
|---|---|---|---|
| 4 | *70 Years Ago* | **A Sense of Helplessness** | *Dr. James Reid* |
| 5 | *മുഖമൊഴി* | **"പുരയ്ക്കു തീ പിടിക്കുമ്പോൾ തന്നെ വാഴ വെട്ടണം"** | |
| 7 | *കാൽപാടുകൾ - 38* | **തോമസ് അക്വിനാസ്** | *Fr. Johny George Cor-Episcopa* |
| 9 | *ബൈബിൾ ചിന്തകൾ - 93* | **പ്രതിയോഗി** | *Prof. M.Y. Yohannan* |
| 11 | *പ്രവാചകന്മാർ - 1* | **ഏലിയാവ്– ശ്രേഷ്ഠ പ്രവാചകൻ** | *Prof. Mathew Koshy* |
| 13 | *യുവലോകം - 65* | **ജീവിത പ്രതിസന്ധികളെ ആത്മവിശ്വാസത്തോടെ നേരിടുക** | *Fr. Dr. Thomson Roby* |
| 15 | *ഇതൾ - 12* | **പിൻതിരിയാതെ** | *Fr. Nobin Philip* |
| 17 | *തിരനോട്ടം* | **ദീനായുടെ ദുഃഖം** | *Susy Cheriyan* |
| 19 | *മാതൃസ്മൃതി* | **അമ്മയെക്കുറിച്ച്** | *Dr. Muse Mary* |
| 21 | *ധ്യാനപീഠം* | **ജീവിതയാത്ര എങ്ങോട്ട് ?** | |
| 23 | *Solitary Walk-1* | **Black is Beautiful** | *Fr. Dr. K.M. George* |
| 25 | *Gleanings* | **WAYS OF THE UNDERDOG** (Contd.) | *Dr. Raju K. John* |
| 27 | *Life Style* | **God's Ways Are Inscrutable** | *Dr. Annie David* |
| 29 | *Christian Vision-34* | **The Last War** | *Prof. Dr. T.V. Thomas* |
| 31 | *Reflections* | **Anger** | *Leela Kuruvilla* |
| 32 | *Musings* | **For You I Flower...** | *Dr. Molly Joseph* |
| 33 | *Ministrations* | **The (P)Art of Positive Thinking in Effective Healing** | *K.G. Kumar* |
| 35 | *Last Page* | **DID HE TOUCH ?** | *M.G. Kuruvilla* |

**70 years ago**

Dr. James Reid

Church Weekly
JULY 30, 1950

# A Sense of Helplessness

*"And it came to pass, when I heard these words, that I sat down and wept, and mourned certain days, and fasted, and prayed before the God of Heaven". (Nehemiah 1:4)*

**More things are wrought by prayer than this world dreams of.** Tennyson never wrote a truer line. Behind the great victories of the spirit there is always someone on his knees.

There is no better illustration of this than the story of Nehemiah. In the first chapter, the curtain is lifted on him as an exile in Babylon. The news had just come to him of the desperate plight of the ruined city of Jerusalem. He felt that something must be done. It was told of a commanding officer during the war that when anyone came to him with a complaint, his invariable reply was, *"Well, what are you going to do about it?"*

That is always God's challenge to us in any situation about which we are concerned or distressed. Whatever may affect our nation or the people around us, we cannot evade our personal responsibility. *"We are members one of another."*

But what could Nehemiah do? He was a slave, without means or power. It was one of those situations in which a man feels utterly helpless and in which he is tempted to resign himself to events. We have all been in some such position.

There was, however, one thing Nehemiah could do. He could pray. That door is always open. The wall of circumstance may hem us around or shut us in; but there is always an opening to the skies. The final meaning of our bafflement is that we should look up and find it. When a man is beaten to his knees, he is in the attitude of prayer.

Prayer of this kind is something more than a last desperate resort. Prayer is action; it is the highest form of human activity. It is faith getting to work. It is love finding expression, bearing those for whom we pray into the presence of God.

Of course, prayer is asking God to intervene; it is the acknowledgement that without His help there is no hope for us. But in prayer at its best we offer to God in our own surrender of ourselves a channel for His intervention. We do not try to use Him for plans and dreams of our own. We yield ourselves to be used of Him in working out His purpose. All this was in Nehemiah's attitude when he prayed before the God of Heaven.

The result was very striking... ◎

● മുഖമൊഴി ●

# "പുരയ്ക്കു തീ പിടിക്കുമ്പോൾ തന്നെ വാഴ വെട്ടണം"

റോമാ നഗരം കത്തിയെരിഞ്ഞപ്പോൾ  നീറോ ചക്രവർത്തി വീണ വായിച്ചുകൊണ്ടിരുന്നുവെന്നു കേട്ടിട്ടുണ്ട്. പക്ഷേ നൂറ്റാണ്ടുകൾക്കു മുമ്പ് കാലയവനികക്കുള്ളിൽ മറഞ്ഞ നീറോയുടെ ആത്മാവ് ഇന്നും ജീവിക്കുന്നു എന്നു കരുതിയില്ല. 2020 എന്ന വർഷം അതും വെളിപ്പെടുത്തിത്തന്നു. കൊറോണയുടെ പേരിൽ രാജ്യം വെന്തുരുകുന്ന ഈ സമയത്ത് ഇവിടെ നടമാടുന്ന തീവെട്ടിക്കൊള്ള തന്നെ അതിനു കാരണം.

തൊഴിലും വരുമാനവുമില്ലാതെ സാധാരണക്കാർ  ബുദ്ധിമുട്ടുന്നു; അതോടൊപ്പം, ജീവിതച്ചെലവുകൾ കുതിച്ചുയരുകയും ചെയ്യുന്നു. എവിടെ തുടങ്ങണമെന്നറിയില്ല. ശമ്പളത്തിലും പെൻഷനിലും കത്രിക വീഴുന്നു; ബാങ്കു പലിശ അടിക്കടി കുറയുന്നു; ഇന്ധനവില ജനങ്ങളെ ആകമാനം ബാധിക്കുന്നു. അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡോയിൽ വില കുറഞ്ഞുവരുമ്പോഴും നാട്ടിൽ പെട്രോൾ-ഡീസൽ-ഗ്യാസ് വില അനുദിനം കുതിച്ചുയരുന്നു. ഇക്കാര്യത്തിൽ ഇടപെടേണ്ട സർക്കാർ ഒട്ടകപ്പക്ഷിയെപ്പോലെ കണ്ണടച്ചു നിൽക്കുന്നു. അന്യായമായി ഇന്ധനവില വർദ്ധിക്കുമ്പോൾ ഉണ്ടാകുന്ന അവിഹിതലാഭം എവിടെവരെ ചെന്നെത്തുമെന്ന് വായിക്കുന്നവർ ചിന്തിക്കട്ടെ. ചില കമ്പനികൾ ഈ അനവസരത്തിൽ ഇറക്കിയ കടപ്പത്രത്തിൽ ആവശ്യപ്പെട്ടതിന്റെ ഇരട്ടിയിലേറെ തുക നിരായാസം സമാഹരിച്ചത് ഇതുമായി കൂട്ടിവായിക്കാതിരിക്കാം.

കൊറോണക്കാലത്ത് ജനങ്ങൾ നിഷ്ക്രിയരായി വീട്ടിൽ ഇരിക്കുമ്പോൾ നമ്മുടെ തുറമുഖങ്ങളും വിമാനത്താവളങ്ങളും റയിൽവേസ്റ്റേഷനുകളും ട്രെയിനുകൾ വരെയും വിറ്റുപോവുകയാണ്. നൂറുകണക്കിനു വർഷങ്ങളായി, ക്രാന്തദർശികളായ ഭരണാധികാരികളുടെ ദീർഘവീക്ഷണത്തിന്റെയും രാജ്യസ്നേഹികളായ നേതാക്കന്മാരുടെ ദർശനത്തിന്റെയും ജനലക്ഷങ്ങളുടെ നിരന്തരമായ അദ്ധ്വാനത്തിന്റെയും ഫലമായി, രാജ്യത്തിന്റെ പൊതുമുതൽ മുടക്കി പടുത്തുയർത്തിയ കോടിക്കണക്കിനു രൂപ വിലവരുന്ന ഈ സംവിധാനങ്ങളെല്ലാം നാളെ ചില വ്യക്തികളുടെയും കുടുംബങ്ങളുടെയും കൈകളിൽ നിസ്സാര തുകകൾക്ക് അമർന്നടിയുമ്പോൾ ജനാധിപത്യത്തിന്റെ അടിവേരിളകുകയാണ്; നമ്മുടേതെന്നു കരുതിയിരുന്നതെല്ലാം അന്യമാവുന്നു. ഇതെല്ലാം നോക്കിനടത്താൻ ചുമതലയുള്ള സർക്കാരിന്റെ കഴിവുകേടാണ് ഇതിനു കാരണമെന്നു കരുതിയാൽ തെറ്റി. വികസനത്തിന്റെ പേരിൽ ഇന്നു നടക്കുന്നത് പക്ഷപാതപരമായ സ്വകാര്യവൽക്കരണമാണ്. രാജ്യത്തിന്റെ പൊതുമുതൽ സ്വകാര്യവൽക്കരിക്കപ്പെടുമ്പോൾ രാജ്യം കൊള്ളയടിക്കപ്പെടുകയാണ്. ഇത് മനസ്സിലാക്കുവാനും പ്രതികരിക്കുവാനും അറിവും കഴിവും ഉള്ളവർ കേവലം മതഭ്രാന്തിന്റെ പേരിൽ എല്ലാം വെള്ള പൂശുന്നത് സങ്കടം തന്നെ. മിക്കവാറും ഈ കൊറോണക്കാലം അവസാനിക്കുമ്പോഴേക്ക്, ഭരണാധികാരികളും കൂട്ടുകാരും മാത്രം സമ്പന്നരായി വിരാജിക്കുന്ന ചില ആഫ്രിക്കൻ രാജ്യങ്ങൾക്കു സമമായി നാം മാറിയിരിക്കും.

ഈ തകർച്ചയുടെ ആരംഭം നോട്ടുനിരോധനത്തിലും ബാങ്ക് ലയനത്തിലുമാണ്. നോട്ടുനിരോധനം എന്ന മാരകപ്രഹരത്തിലൂടെ ഒരു തെറ്റും ചെയ്യാത്ത പൊതുജനം വഴിയാധാരമായി. ആയിരത്തിന്റെ സ്ഥാനത്ത് രണ്ടായിരത്തിന്റെ നോട്ട് വന്നതുകൊണ്ട് നമ്മുടെ വരുമാനം ഇരട്ടിയായില്ല. നമ്മുടെ കൈവശമുള്ള പണത്തിന്റെ സിംഹഭാഗവും ചില ബാങ്കുകളിലാവുകയും ഈ ബാങ്കുകൾ ചില സ്വകാര്യവ്യക്തികളുടെ കൈപ്പി

ടിയിലൊതുങ്ങുകയും ചെയ്തപ്പോൾ അവർക്കു ബിസിനസ്സിനുള്ള മൂലധനമായി; മറുവശത്ത്, ചെറുകിട കച്ചവടം ചെയ്തിരുന്ന അനേകർക്ക് എല്ലാം നഷ്ടപ്പെടുകയും ചെയ്തു. ശേഷിച്ച പണം, കൂണുപോലെ മുളച്ചു പൊന്തുന്ന ചില "കടലാസ് കമ്പനികൾ" അമിതപലിശ വാഗ്ദാനം ചെയ്ത് വാരിക്കൂട്ടുമ്പോൾ നിക്ഷേപിച്ച പണം ഒരിക്കലും തിരിച്ചുവരില്ല എന്ന യാഥാർഥ്യം നിക്ഷേപകർ തിരിച്ചറിയുന്നില്ല; പ്രതികരണശേഷിയില്ലാത്ത ആളുകൾ ഇതറിഞ്ഞിട്ടും വലിയ പ്രയോജനവുമില്ല. എ.ടി.എം/ക്രെഡിറ്റ്/ഡെബിറ്റ് കാർഡുകളെ ആശ്രയിച്ച് നാം ജീവിക്കുന്ന ഇക്കാലത്ത്, ഒരൊറ്റ ഉത്തരവിലൂടെ ജനങ്ങളെ ഭിക്ഷക്കാരാക്കുവാൻ സർക്കാരിനും ബാങ്കുകൾക്കും കഴിയും എന്ന നഗ്നസത്യം നാം ഓർത്തിരുന്നാൽ നന്ന്.

ഇരുണ്ട ഇടനാഴികൾ ധാരാളമായുള്ള ചൂതുകളിയിൽനിന്നും ഒട്ടും വിഭിന്നമല്ല മാന്യമായ മുഖമുള്ള ഷെയർ ബിസിനസ്സ്. അവിടെ അമിതലാഭം കൊയ്യാമെന്നു കരുതി ചാടിയിറങ്ങുന്നവർ മറക്കുന്ന ഒരു കാര്യമുണ്ട്. ഷെയർ ബിസിനസ്സ് പണത്തെ സൃഷ്ടിക്കുന്നില്ല; അടിതെറ്റുന്നവന്റെ ജീവരക്തം ഊറ്റിയെടുത്ത് മറ്റൊരുവനു കുടിക്കാൻ കൊടുക്കുന്ന മാർക്കറ്റാണ് ഓഹരിവ്യാപാരം! എല്ലാം നഷ്ടപ്പെട്ടവനും ഒരിക്കൽ വിജയം ലഭിച്ചവനും കൂടുതൽ പിടിച്ചടക്കുവാനുള്ള വ്യഗ്രതയിൽ കുതിച്ചുചാടുന്നതും തകർന്നടിയുന്നതും നാം കാണുന്നു. ഇതിനിടെ ലാഭമുണ്ടാക്കുന്നത് നയാപൈസ മുടക്കാത്ത ഇടനിലക്കാരാണ്. അവർ തോൽക്കുന്നവന്റെ പണമെടുത്ത് ജയിക്കുന്നവനു കൊടുത്ത് കൊടുക്കലിനും വാങ്ങലിനും കമ്മീഷൻ വാങ്ങി മിടുക്കരാകുന്നതും ഷെയർ വില കൂട്ടിയും കുറച്ചും ആളുകളെ കുരങ്ങുകളിപ്പിക്കുന്നതും നാം കാണുന്നു. നാളെ അവരും ചീട്ടുകൊട്ടാരം പോലെ തകരുകയില്ല എന്നു പറയാനാവില്ല.

ഇത്രയും നാൾ ജനങ്ങൾക്കൊരാശ്വാസം മതങ്ങളും ആത്മീയപ്രസ്ഥാനങ്ങളുമായിരുന്നു. കൊറോണക്കാലം ആ ധാരണയും തകർത്തിരിക്കുകയാണ്. മതങ്ങൾ പ്രാർത്ഥനാലയങ്ങളെ "കള്ളന്മാരുടെ ഗുഹ"യാക്കി മാറ്റിയിരുന്നുവെന്ന തോന്നൽ ഇപ്പോൾ പ്രബലപ്പെട്ടിരിക്കുന്നു. ദൈവവിശ്വാസത്തിനു മങ്ങലേറ്റിട്ടില്ലെങ്കിലും മതങ്ങളുടെ സ്വാധീനത്തിനു ഗണ്യമായ ഇടിവു തട്ടിയിട്ടുള്ളതുപോലെ തോന്നുന്നു; അഥവാ, പരമ്പരാഗതമായ ആരാധനാസങ്കൽപ്പങ്ങൾക്ക് കാലപ്പഴക്കം കൊണ്ട് തിളക്കം നഷ്ടപ്പെട്ടിരിക്കുന്നു. നൂറ്റാണ്ടുകളായി ജനങ്ങളെ വിശ്വസിപ്പിച്ചിരുന്ന പഴയ ആത്മീയസങ്കേതങ്ങൾ വിട്ട് യാഥാർത്ഥ്യബോധം ഉൾക്കൊള്ളുവാനും നാമമാത്രമായ കർമ്മാദികൾക്കും ആചാരങ്ങൾക്കുമുപരി ജീവനുള്ള ദൈവത്തെ കാണിച്ചുകൊടുക്കുവാനും മതങ്ങളെക്കൊണ്ട് ഉപജീവിക്കുന്നവർക്ക് കഴിയുന്നില്ല എങ്കിൽ അടുത്ത തലമുറ മതങ്ങളെ എങ്ങനെ വീക്ഷിക്കുമെന്നു പറയാനാവില്ല.

ലോകരാജ്യങ്ങളിൽവെച്ച് വിഭവശേഷിയിലും സർഗ്ഗശക്തിയിലും ജനസംഖ്യയിലും അഗ്രഗണ്യരായ ഭാരതമക്കൾ ഉപജീവനമാർഗ്ഗം തേടി അന്യരാജ്യങ്ങളിൽ പോയതും, ഈ നാടു ഭരിച്ചവർക്ക് നാട്ടാരുടെ കഴിവുകൾ തിരിച്ചറിഞ്ഞ് പ്രയോജനപ്പെടുത്തുവാൻ കഴിയാതെ പോയതും നമ്മുടെ രാജ്യത്തെ ചൈനാക്കാർക്ക് അടിയറ വെക്കുവാൻ കാരണമായി എന്ന ഒരു ദുഃഖസത്യമുണ്ട്. വെറും കളിപ്പാട്ടങ്ങൾ മാത്രമല്ല, ഈ രാജ്യത്തെ അടിസ്ഥാനമേഖലകളെല്ലാം തന്നെ ചൈനയുടെ സഹായത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിനു പിന്നിൽ, കുറഞ്ഞ ചിലവിൽ ലാഭമുണ്ടാക്കുവാൻ നമ്മുടെ ബിസിനസ്സുകാർക്കുള്ള താൽപര്യവും ഒരു കാരണമാണ്. "മേയ്ക്ക് ഇൻ ഇൻഡ്യ" എന്നു പറഞ്ഞു നടന്നതു കൊണ്ടായില്ല; സർക്കാരിനെ താങ്ങി നിർത്തുന്നവർപോലും തങ്ങളുടെ ആവശ്യങ്ങൾക്കു ചൈനയിലേക്കു നോക്കുന്നതു നിർത്തിയിട്ട്, ഈ രാജ്യത്തു വേണ്ടതെല്ലാം ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കുവാനുള്ള ഒരു പരിശ്രമം നടത്തുമ്പോഴാണ് നാം യഥാർത്ഥ ദേശസ്നേഹികളാകുന്നത്. "ഭാരതമെന്ന പേരു കേൾക്കുമ്പോൾ നമ്മുടെ അന്തരംഗം അഭിമാനപൂരിതമാകട്ടെ." ഒരു പഴയ തമിഴ്പാട്ട് ഓർമ്മയിൽ അലയടിക്കുന്നു – "കണ്ണു തുറക്കണം സ്വാമീ... " ◎

**കാൽപാടുകൾ-38**

ഫാ. ജോണി ജോർജ്ജ്
കോർ എപ്പിസ്കോപ്പാ

# തോമസ് അക്വിനാസ്





റോമൻ കത്തോലിക്കാ സഭയുടെ ദൈവശാസ്ത്രപഠനങ്ങൾക്ക് നിർണ്ണായകമായ സംഭാവനകൾ നൽകിയ പണ്ഡിതനാണ് തോമസ് അക്വിനാസ് (1225-74). ട്രെന്റ് കൗൺസിലിന്റെ (1545-63) 'ഡിക്രി'കൾ (decrees) ക്രോഡീകരിക്കുന്നതിൽ അദ്ദേഹത്തിന്റെ രചനകൾ അടിസ്ഥാനപരമായ സ്വാധീനം ചെലുത്തുകയുണ്ടായി. 'തോമിസം' (Thomism) എന്ന പേരിലാണ് അദ്ദേഹത്തിന്റെ ചിന്തകൾ അറിയപ്പെട്ടത്. അത് 'എന്നാളും വിലപ്പെട്ടത്' (eternally valid) ആണെന്ന് 1879-ൽ പോപ്പ് പ്രഖ്യാപിച്ചു.

ഇറ്റലിയിലെ, വലിയ പാരമ്പര്യമുള്ള ഒരു ക്രിസ്തീയ കുടുംബത്തിൽ ധനാഢ്യരായ മാതാപിതാക്കളുടെ പുത്രനായാണ് തോമസ് അക്വിനാസിന്റെ ജനനം. തടിച്ച ശരീരപ്രകൃതിയുള്ള ശാന്തനായ കുട്ടിയായിരുന്നു തോമസ്. മോണ്ടി കാസ്സിനോയിലുള്ള ആബിയിൽ പഠനത്തിനായി ചേർത്തു. 14 വയസ്സുവരെ അവിടെ പഠിച്ചു. പിന്നീട് നേപ്പിൾസിലെ യൂണിവേഴ്സിറ്റിയിൽ ചേർന്നു. അവിടെവച്ച് ഡൊമിനിക്കൻ സന്യാസിയായി വ്രതമെടുത്തു. കുടുംബാംഗങ്ങൾക്ക് ഇത് അംഗീകരിക്കാൻ കഴിഞ്ഞില്ല. അവർ കോപാകുലരായി. തോമസിനെ എങ്ങനെയും പിന്തിരിപ്പിക്കാനവർ നോക്കി. ഒരു വേശ്യാ സ്ത്രീയെക്കൊണ്ട് പ്രലോഭിപ്പിക്കാൻ ശ്രമിച്ചു. അദ്ദേഹത്തെ തട്ടിക്കൊണ്ടു പോയി നേപ്പിൾസിലെ ആർച്ചു ബിഷപ്പിന്റെ സ്ഥാനത്ത് അവരോധിക്കാൻ ശ്രമിച്ചു. പക്ഷേ, ഇതുകൊണ്ടൊന്നും അദ്ദേഹം തീരുമാനത്തിൽ നിന്ന് പിൻമാറിയില്ല. പാരീസിൽ കൂടുതൽ ദൈവശാസ്ത്രപഠനത്തിനായി ചേർന്നു. ആൽബർട്ട് ദ ഗ്രെയിറ്റ് (Albert the Great) എന്ന മഹാപണ്ഡിതന്റെ കീഴിലായിരുന്നു പഠനം. പിന്നീട് തിരിച്ച് ഇറ്റലിയിലെത്തിയ അദ്ദേഹം ശിഷ്ടകാലം തന്റെ പഠനങ്ങളും എഴുത്തുകളും പഠിപ്പിക്കലുമായി അവിടെക്കഴിച്ചുകൂട്ടി.

മദ്ധ്യകാല യൂറോപ്പിലെ ഏറ്റവും വലിയ 'സ്കൊളാസ്റ്റിക് ദൈവശാസ്ത്രജ്ഞൻ' (Scholastic theologian) എന്ന് അദ്ദേഹം അറിയപ്പെട്ടു. 'സ്കൊളാസ്റ്റിസിസം' (Scholasticism) ഒരു പ്രത്യേക ചിന്താധാരയാണ്. 'വിദ്യാഭ്യാസം' (education) സഭയുടെ നിയന്ത്രണത്തിലായിരുന്നു. പ്രത്യേകിച്ച് വൈദികരും സന്യാസിമാരുമായിരുന്നു അത് കൈകാര്യം ചെയ്തിരുന്നത്. ഗ്രീക്കു തത്വചിന്തയ്ക്കെതിരായിരുന്നു അവരുടെ ചിന്തയും പഠിപ്പിക്കലും. വേദപുസ്തക പഠനത്തിനും ആദിമസഭയുടെ പഠിപ്പിക്കലിനും ആധാരമാക്കി ഒരു പുതിയ ചിന്താരീതി അക്വിനാസും മറ്റും സ്വീകരിച്ചു. കൂടുതൽ യുക്തിപൂർവ്വമായ (more logical) ഒരു സമീപനമാണ് അക്വിനാസ് കൈക്കൊണ്ടത്. വേദപുസ്തക ഭാഗങ്ങളും ആദിമസഭാപിതാക്കന്മാരുടെ പഠിപ്പിക്കലുകളും അരിസ്റ്റോട്ടിലിനെപ്പോലെയുള്ളവരുടെ തത്വചിന്തകളും (philosophy) ചേർത്തുവച്ച് വിശ്വാസസത്യങ്ങളെ അദ്ദേഹം വിശദീകരിച്ചു. പക്ഷേ, യേശുക്രിസ്തുവിൽ കൂടി വെളിപ്പെടുത്തപ്പെട്ട ദൈവികസ്നേഹത്തെ തിരിച്ചറിയാനും അവതരിപ്പിക്കാനും അദ്ദേഹത്തിന് കഴിഞ്ഞില്ല എന്ന ഒരു കുറവ് അദ്ദേഹത്തിനുണ്ട് എന്ന് വിമർശകർ പറയുന്നു.

തോമസ് അക്വിനാസ് നിരന്തരം എഴുതിയിരുന്ന ഒരാളാണ്. അദ്ദേഹത്തിന്റെ രചനകൾ 18 വാല്യങ്ങളായി പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്നു. വേദപുസ്തകത്തിലെ എല്ലാ പുസ്തകങ്ങളെപ്പറ്റിയും അദ്ദേഹം വ്യാഖ്യാനങ്ങൾ എഴുതി.

'സുമ്മാ തിയൊളോജിക്കാ' (Summa Theologica), 'സുമ്മാ കോൺട്രാ ജന്റയിൽസ്' (Summa Contra Gentiles) എന്നീ കൃതികൾ ക്രിസ്തീയ വിശ്വാസത്തിന്റെ മർമ്മം എന്തെന്ന് എടുത്തു കാണിക്കുന്നവയാണ്. ഇവയിൽ രണ്ടു കാര്യങ്ങൾ കാണാം:

ഒന്ന്, ദൈവിക വെളിപാടുകളിൽ കൂടി നൽകപ്പെട്ട വിശ്വാസ സത്യങ്ങൾ (revelations) എന്തൊക്കെയാണ്?

രണ്ട്, ബുദ്ധിപരമായ വിശകലനത്തിൽ കൂടി (by reasoning) ലഭിക്കുന്ന സത്യങ്ങൾ ഏവ?

ഇവ രണ്ടും വിശദീകരിക്കുന്നതിന് അരിസ്റ്റോട്ടിലിന്റെ തത്വശാസ്ത്രം തോമസ് അകിനാസ് ആധാരമാക്കുന്നുണ്ട്. ഈ നിരീക്ഷണങ്ങൾ എങ്ങനെ ദൈവത്തിന്റെ അസ്തിത്വത്തിലേക്ക് വിരൽ ചൂണ്ടുന്നു എന്ന് തന്റെ "അഞ്ചു വഴികൾ" (Five Ways) എന്ന വാദമുഖങ്ങളിൽ കൂടി എടുത്തു കാണിക്കുന്നുണ്ടെങ്കിലും, വാസ്തവത്തിൽ അവ ദൈവത്തെപ്പറ്റി ഒന്നും തന്നെ പറയുന്നില്ല എന്ന് വിമർശനമുണ്ട്. അദ്ദേഹത്തിന്റെ വാദമുഖങ്ങളിൽ പലതും 1277-ൽ പാരീസ് യൂണിവേഴ്സിറ്റി തള്ളിക്കളയുകയുണ്ടായി. എങ്കിലും റോമൻ കത്തോലിക്കാ സഭയുടെ വിശ്വാസസത്യങ്ങൾക്ക് തോമസ് അകിനാസിന്റെ ചിന്തകൾ ശക്തമായ സ്വാധീനമാണ് നൽകിയിട്ടുള്ളത്.

# കാൽപാടുകൾ - ഉപസംഹാരം

ക്രിസ്തീയസഭയുടെ ആരംഭം, അതിന്റെ വളർച്ച എന്നിവ സംബന്ധിച്ചുള്ള ലളിതമായ ഒരു വിവരണമാണ് കഴിഞ്ഞ അധ്യായങ്ങളിൽ നടത്തിയത്. സവിസ്തരമായ ചരിത്രമൊന്നുമല്ല നൽകിയിട്ടുള്ളത്. സഭയുടെ വളർച്ചയിൽ ആദിമസഭ ഉദ്ദേശിക്കാത്ത അനേക കാര്യങ്ങൾ കടന്നുകൂടാൻ ഇടയായിട്ടുണ്ട്. യേശുക്രിസ്തുവിന്റെ ശരീരമാണ് സഭയുടെ ആധാരമെന്ന് കരുതപ്പെട്ട വിശ്വാസ സത്യങ്ങൾ നിലനിർത്തുന്നതിനും നടപ്പാക്കുന്നതിനുമുള്ള തീക്ഷ്ണതയിൽ മാനുഷികമായ പരിഗണനകളും തീർപ്പുകളും മുന്നിട്ടു നില്ക്കാൻ ഇടയായി. അതിന്റെ ഫലമായി ക്രിസ്തീയമല്ലാത്ത രീതികൾ സ്വീകരിക്കപ്പെട്ടു. ഇത് സഭയുടെ ആരംഭം മുതൽ കാണാവുന്നതാണ്. രണ്ട് സംഭവങ്ങൾ പ്രത്യേകം എടുത്തുകാണിക്കുന്നു:

1. നെസ്റ്റോറിയനിസത്തിന് എതിരായി സന്ധിയില്ലാസമരം നടത്തിയ ആളായിരുന്നു സിറിൽ ഓഫ് അലക്സാണ്ട്രിയ (Cyril of Alexandria). (അദ്ദേഹം A.D. 444-ൽ നിര്യാതനായി). കോടതിയിൽ നിലവിലുള്ള നെസ്റ്റോറിയസ്സിനെതിരായ ഒരു കേസിൽ തന്റെ ഭാഗം ജയിക്കാൻ അദ്ദേഹം കോടതിയ്ക്ക് ഭീമമായ തുക കൈക്കൂലി കൊടുത്തു എന്ന് തീമോത്തി വെയർ രേഖപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല, ഏതെങ്കിലും പ്രതിസന്ധിയുണ്ടായാൽ അതിനെ നേരിടാൻ സന്യാസിമാരുടെ ഒരു വ്യൂഹത്തെത്തന്നെ എഫെസൂസിൽ ഒരുക്കി നിർത്തിയിരുന്നുവെന്നും പറയപ്പെടുന്നു.

2. നിഖ്യാ സുന്നഹദോസിനുശേഷം വി. അത്താനാസ്യോസിനെതിരായിത്തിരിഞ്ഞ ഒരു പ്രബലവിഭാഗം അലക്സാണ്ട്രിയയിലുണ്ടായിരുന്നു. അവർ കപ്പദോക്യയിൽ നിന്നുള്ള ഗ്രീഗോറിയോസിനെ തങ്ങളുടെ ബിഷപ്പായി വാഴിച്ചു. അദ്ദേഹം അലക്സാണ്ട്രിയായിൽ പ്രവേശിക്കുന്നു എന്ന് കേട്ടപ്പോൾ ജനം ഇളകി പള്ളിയിൽ തടിച്ചുകൂടി. രാജാവായിരുന്ന കോൺസ്റ്റാന്റിയസ്സിന്റെ (Constantius) പിന്തുണയോടെ പോലീസ് സർവ്വശക്തിയുമുപയോഗിച്ച് പള്ളിക്കകത്തുനിന്നും ആളുകളെ പുറത്താക്കി. അത്താനാസ്യോസ് ഒളിവിൽ പോയതുകൊണ്ട് അദ്ദേഹത്തെ അറസ്റ്റു ചെയ്യാനായില്ല. AD 339 മാർച്ചു മാസത്തിൽ ഗ്രീഗോറിയോസ് പള്ളിയിൽ പ്രവേശിച്ചു. തുടർന്ന് എതിർ ഭാഗത്തിനെതിരെ പീഡനവും ആരംഭിച്ചു.

കോൺസ്റ്റന്റയിൻ (Constantine) ചക്രവർത്തി നിഖ്യാ സുന്നഹദോസ് വിളിച്ചുകൂട്ടിയപ്പോൾ അതിൽ പങ്കെടുത്തത് 318 സഭാ പിതാക്കന്മാ

*(ശേഷം പേജ് 12-ൽ)*

**ബൈബിൾ ചിന്തകൾ - 93**

പ്രൊഫ. എം.വൈ. യോഹന്നാൻ



# പ്രതിയോഗി

*"അവൾ അവന്റെ അടുക്കൽ ചെന്നു: എന്റെ പ്രതിയോഗിയോട് പ്രതിക്രിയ നടത്തി രക്ഷിക്കേണമേ എന്നു പറഞ്ഞു". (ലൂക്കോസ് 18:3)*

മനുഷ്യനെ നശിപ്പിക്കുവാനും ഐശ്വര്യം കെടുത്തുവാനും സമാധാനം നഷ്ടപ്പെടുത്തുവാനും പ്രതിയോഗിയായ പിശാച് നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. അവൻ എക്കാലത്തും അസൂയാലുവാണ്. മനുഷ്യന്റെ വ്യക്തിജീവിതത്തിൽ മാത്രമല്ല, കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും അവൻ പ്രശ്നങ്ങളും പ്രതിസന്ധികളും ഉണ്ടാക്കുന്നു. പിശാചിന്റെ കിങ്കരന്മാരായ ദുരാത്മാക്കൾ ആയാറിൽ (അന്തരീക്ഷത്തിൽ) നിറഞ്ഞുനിന്ന് മനുഷ്യനെ ആക്രമിക്കുന്നു. പൈശാചിക സൈന്യത്തിൽ രോഗത്തിന്റെ ദുരാത്മാവുണ്ട്; കോപത്തിന്റെ ദുരാത്മാവുണ്ട്; വൈരാഗ്യത്തിന്റെ, അഹങ്കാരത്തിന്റെ, സ്വാർത്ഥതയുടെ, ദ്രവ്യാഗ്രഹത്തിന്റെ, ദുർമോഹത്തിന്റെ, അശുദ്ധിയുടെ എല്ലാം ദുരാത്മാക്കളുണ്ട്.

പിശാചിന് സ്വാധീനമുള്ള കാര്യങ്ങൾ മനുഷ്യന്റെ ജീവിതത്തിൽ വരുമ്പോൾ ദുരാത്മാക്കൾ അവനിൽ കടന്നുകൂടി നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നു. ഇതു തിരിച്ചറിയുന്ന ദൈവപൈതൽ മടുത്തുപോകാതെ ദൈവത്തോട് മുട്ടിപ്പായി പ്രാർത്ഥിക്കുന്നു: 'പ്രതിയോഗിയോട് പ്രതിക്രിയ നടത്തി എനിക്കു ന്യായം പാലിച്ചു തരണമേ' എന്ന്.

*"ദൈവമോ, രാപ്പകൽ തന്നോട് നിലവിളിക്കുന്ന തന്റെ വ്രതന്മാരുടെ കാര്യത്തിൽ ദീർഘക്ഷമയുള്ളവൻ ആയാലും അവരെ പ്രതിക്രിയ നടത്തി രക്ഷിക്കയില്ലയോ? വേഗത്തിൽ അവരെ പ്രതിക്രിയ നടത്തി രക്ഷിക്കും എന്നു ഞാൻ നിങ്ങളോട് പറയുന്നു". (ലൂക്കോസ് 18:7-8)*

മനുഷ്യനെ നിത്യാഗ്നിയിലേക്ക് നയിക്കുവാൻ നിരന്തരം പരിശ്രമിക്കുന്ന പൈശാചികന്റെ കെണിയിൽ നിന്ന് രക്ഷപ്പെടുവാൻ അപ്പൊസ്തലനായ പത്രോസ് പറയുന്നു: *"ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്ന് തിരഞ്ഞു ചുറ്റി നടക്കുന്നു". (1 പത്രോസ് 5:8).*

1939 ഡിസംബർ 31-ാം തീയതി ജോർജ്ജ് ആറാമൻ ചക്രവർത്തി ബ്രിട്ടീഷ് ജനതയ്ക്ക് ഒരു സന്ദേശം നല്കി: *I said to the man who stood at the gate of the year, "Give me a light that I may tread safely into the unknown". And he replied, "Go out into the darkness, and put your hand into the hand of God. That shall be better than light, and safer than a known way."*

പുതുവത്സരത്തിന്റെ പടിവാതിൽക്കൽ നിന്നു ഞാൻ ആ മനുഷ്യനോട് ചോദിച്ചു: *"അറിയപ്പെട്ടിട്ടില്ലാത്ത വഴിയിലൂടെ സുരക്ഷിതനായി പോകുവാൻ എനിക്കൊരു വെളിച്ചം തരുമോ."* ആ മനുഷ്യൻ പറഞ്ഞു: *"അന്ധകാരത്തിലേക്ക് കാൽ വച്ചുകൊള്ളൂ. നിന്റെ കരം ദൈവത്തിന്റെ കരത്തിൽ വയ്ക്കൂ. അതു നിനക്കു വെളിച്ചത്തേക്കാൾ ഉത്തമമായിരിക്കും. അറിയപ്പെടുന്ന വഴിയേക്കാൾ അതു സുരക്ഷിതമായിരിക്കും."*

ദുർഗമമായ വഴികൾ നമ്മുടെ മുമ്പിൽ ഉണ്ടാകും. അപ്പുറം കടക്കാൻ പ്രയാസ

മെന്നു തോന്നുന്ന അവസരങ്ങൾ ഉണ്ടാകും. പക്ഷെ യേശുവിന്റെ കരങ്ങൾ നമ്മെ പിടിച്ചിട്ടുണ്ട് എന്ന ധൈര്യമുണ്ടെങ്കിൽ പ്രാഗൽഭ്യത്തോടെ, സമാധാനത്തോടെ ഏതു പ്രയാസമേറിയ വഴിയിലൂടെയും നമുക്ക് മുമ്പോട്ട് പോകാൻ കഴിയും. മനുഷ്യജീവിതംതന്നെ ഭയപ്പാടിന്റെ ജീവിതമല്ലേ? എല്ലാവർക്കുമുണ്ട് ഓരോ തരത്തിലുള്ള ഭയപ്പാടുകൾ (anxieties and fears). മനുഷ്യ ജീവിതത്തിൽ വരുന്ന ഭയപ്പാടുകളെ മൂന്നു വിധത്തിൽ തരം തിരിക്കാം:

1. Fear of circumstances (സാഹചര്യങ്ങളെക്കുറിച്ചുള്ള ഭയം).
2. Fear of failure (പരാജയത്തെക്കുറിച്ചുള്ള ഭയം)
3. Fear of future (ഭാവിയെക്കുറിച്ചുള്ള ഭയം)

ക്രിസ്തു കൂടെയുണ്ടെങ്കിൽ ഈ ഭയപ്പാടുകളെ നമുക്ക് സുധീരം നേരിടാം.

Ira F. Stanphill എന്ന അമേരിക്കൻ കവി പാടി *"Many things about tomorrow I don't seem to understand, But I know who holds tomorrow and I know who holds my hand."*

നാളെയെക്കുറിച്ച് അനേകം കാര്യങ്ങൾ എനിക്ക് മനസ്സിലായി എന്നു വരികയില്ല. പക്ഷെ ആരാണ് എന്റെ കരത്തിൽ പിടിച്ചിരിക്കുന്നത് എന്നെനിക്കറിയാം. നാളത്തെ ദിവസത്തെ തന്റെ കരങ്ങളിലേന്തുന്ന ദൈവം എന്നെ പിടിച്ചിരിക്കുന്നതു കൊണ്ട് എനിക്ക് നാളെയെക്കുറിച്ച് ആകുലപ്പെടേണ്ടി വരികയില്ല. തന്റെ പ്രതിയോഗിയായ ശൗൽ രാജാവിന്റെ ആക്രമണത്തെ ഭയന്നു കഴിയുന്ന ദാവീദ്, തന്നെത്തന്നെ ധൈര്യപ്പെടുത്തിക്കൊണ്ട് 27-ാം സങ്കീർത്തനത്തിൽ പാടുകയാണ് : *"യഹോവ എന്റെ വെളിച്ചവും എന്റെ രക്ഷയും ആകുന്നു. ഞാൻ ആരെ ഭയപ്പെടും? യഹോവ എന്റെ ജീവന്റെ ബലം. ഞാൻ ആരെ പേടിക്കും?"*

*"ഞാൻ യഹോവയോട് ഒരു കാര്യം അപേക്ഷിച്ചു. അതു തന്നേ ഞാൻ ആഗ്രഹിക്കുന്നു. യഹോവയുടെ മനോഹരത്വം കാണ്മാനും അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും എന്റെ ആയുഷ്ക്കാലമൊക്കെയും ഞാൻ യഹോവയുടെ ആലയത്തിൽ പാർക്കേണ്ടതിനു തന്നെ."*

ദാവീദിന് ഒരു കാര്യമേ അപേക്ഷിക്കാനുള്ളൂ: എപ്പോഴും ദൈവസാന്നിധ്യം ലഭിക്കണമേ എന്ന്; എപ്പോഴും ദൈവത്തോട് ചേർന്നു നടക്കാൻ കഴിയണമേ എന്ന്. എന്തുകൊണ്ടെന്നാൽ ദാവീദിന് അറിയാം, ദൈവം കൂടെയുണ്ടെങ്കിൽ *"അനർത്ഥ ദിവസത്തിൽ അവൻ തന്റെ കൂടാരത്തിൽ എന്നെ ഒളിപ്പിക്കും. തിരുനിവാസത്തിന്റെ മറവിൽ എന്നെ മറയ്ക്കും. പാറമേൽ എന്നെ ഉയർത്തും. ഇപ്പോൾ എന്റെ ചുറ്റുമുള്ള ശത്രുക്കളുടെ മേൽ എന്റെ തല ഉയരും."* ദൈവം തന്റെ കരത്തിൽ പിടിച്ചിരിക്കുന്നു എന്ന ആ ധൈര്യത്തോടെ, ഭയമെല്ലാം മാറി, പ്രത്യാശയോടെ ദാവീദ് പാടുന്നു *"ഞാൻ ജീവനുള്ളവരുടെ ദേശത്തു യഹോവയുടെ നന്മ കാണുമെന്നു വിശ്വസിച്ചില്ലെങ്കിൽ കഷ്ടം. യഹോവയിങ്കൽ പ്രത്യാശ വെക്കുക; ധൈര്യപ്പെട്ടിരിക്ക; നിന്റെ ഹൃദയം ഉറച്ചിരിക്കട്ടെ. അതേ യഹോവയിങ്കൽ പ്രത്യാശ വയ്ക്കുക."*

നമ്മുടെ ജീവിതം സമാധാന സമ്പൂർണ്ണമാകുവാൻ ക്രിസ്തുവിന്റെ കരങ്ങളിൽ പിടിച്ച്, ക്രിസ്തുവിന്റെ ആലോചനപ്രകാരം നടക്കുമ്പോൾ അത്ഭുതകരമായ വിജയം നമുക്കു ലഭിക്കും. സകല ബുദ്ധിയേയും കവിയുന്ന ദൈവ സമാധാനം നമുക്ക് കൈവരും. നാം സന്തുഷ്ടരായിത്തീരും. കാരണം, പ്രതിയോഗിയായ പിശാചിന് നമ്മെ തൊടുവാൻ സാധ്യമല്ല. ◎

പ്രവാചകന്മാർ - 1

പ്രൊഫ. മാത്യു കോശി

# ഏലിയാവ് - ശ്രേഷ്ഠ പ്രവാചകൻ



ആഹാബ്, അഹസ്യാവ് എന്നീ യിസ്രായേൽ രാജാക്കന്മാരുടെ കാലത്ത് (ബിസി 875-851) ആണ് ഏലിയാവിന്റെ പ്രവചനവും പ്രവൃത്തികളും നടക്കുന്നത്. ഏലിയാവ് എന്ന വാക്കിന്റെ അർത്ഥം 'യഹോവ ദൈവമാകുന്നു' എന്നാണ്. രാജാക്കന്മാരുടെ ഒന്നാം പുസ്തകം 17-ാം അദ്ധ്യായം മുതൽ രാജാക്കന്മാരുടെ രണ്ടാം പുസ്തകത്തിന്റെ ആരംഭം വരെയും, മറ്റു ചില പുസ്തകങ്ങളിലും ഏലിയാവിനെ നമുക്ക് കാണുവാൻ കഴിയും.

## രാഷ്ട്രീയ സാമുദായിക പശ്ചാത്തലം

സത്യദൈവമായ യഹോവയുടെ സ്വന്തജനമായ യിസ്രായേലിനെ നയിക്കുന്ന രാജാക്കന്മാർ ദൈവാരാധന പ്രോത്സാഹിപ്പിക്കുവാൻ ചുമതലപ്പെട്ടവരായിരുന്നു. എന്നാൽ പലരും ദൈവനാമത്തിൽ തുടങ്ങി പിന്നീട് ആ രീതിയിൽ നിന്നു മാറുന്നതായി കാണാം. മാറുക മാത്രമല്ല, ജനങ്ങളെ അതിന് പ്രേരിപ്പിക്കുകയും ചെയ്തുവന്നു. ആഹാബിന്റെ പിതാവായ ഒമ്രിയെപ്പറ്റി പറയുന്നത്, *"ഒമ്രി യഹോവയ്ക്ക് അനിഷ്ടമായതു ചെയ്തു; തനിക്ക് മുമ്പുണ്ടായിരുന്ന എല്ലാവരെക്കാളും അധികം പാപം പ്രവർത്തിച്ചു"* എന്നാണ്.

ഒമ്രിയുടെ മരണശേഷം മകൻ ആഹാബ് രാജവാഴ്ച തുടങ്ങി. അവൻ യഹോവയ്ക്ക് അനിഷ്ടമായത് അത്യധികം ചെയ്തു. ആഹാബ് സീദോന്യരാജാവിന്റെ മകളായ ഈസബെലിനെ ഭാര്യയായി സ്വീകരിക്കുന്നതാണ് ദൈവവഴിയിൽ നിന്ന് മാറുവാനുള്ള പ്രധാന കാരണം. രാജ്ഞിയുടെ താല്പര്യപ്രകാരം കനാന്യദേവനായ ബാലിന് ഒരു ബലിപീഠവും, ദേവിയായ അശേരയുടെ പ്രതിഷ്ഠയും ഉണ്ടാക്കി ആരാധനയ്ക്കായി ഉപയോഗിച്ചു. അങ്ങനെ ജനം യാഹോവയിൽ നിന്ന് പിൻതിരിയുവാനുള്ള സാഹചര്യം ഉണ്ടായി.

## പ്രവർത്തനങ്ങൾ ചുരുക്കമായി

ഏലിയാവിനെക്കുറിച്ച് നാം കേട്ട് പരിചയിച്ച ചില കാര്യങ്ങൾ താഴെ പറയുന്നു:

1. ആഹാബിന്റെ രാജധാനിയിൽ ചെന്ന് ഈയാണ്ടുകളിൽ ഞാൻ പറഞ്ഞിട്ടല്ലാതെ മഞ്ഞും മഴയും ദേശത്ത് പെയ്കയില്ല എന്ന് പറഞ്ഞ ധീരൻ.

2. കെരീത്ത് തോട്ടിന്നരികെ ക്ഷാമകാലത്തിന്റെ ആരംഭത്തിൽ ഒളിവിൽ ഇരുന്ന്, തോട്ടിലെ വെള്ളവും കാക്ക കൊടുത്ത ആഹാരവും കൊണ്ട് ഉപജീവിച്ചവൻ.

3. ക്ഷാമകാലം മുഴുവൻ സരപ്തയിലെ വിധവയുടെ ഭവനത്തിൽ പോഷിപ്പിക്കപ്പെട്ടവൻ.

4. ബാലിന്റെ 450 പ്രവാചകന്മാരുമായി മത്സരിച്ച് യാഗം കഴിച്ച് വിജയിക്കുകയും അതിനുശേഷം അവരെ എല്ലാം സധൈര്യം കൊന്നൊടുക്കുകയും ചെയ്ത ആൾ.

5. നാബോത്തിനെ കൊലചെയ്യിച്ചശേഷം അയാളുടെ മുന്തിരിത്തോട്ടം ചീരത്തോട്ടമാക്കുവാൻ പുറപ്പെട്ട ആഹാബിനെ നേരിൽക്കണ്ട് വരാൻപോകുന്ന വിപത്തുകൾ അറിയിച്ചവൻ.

6. ഹാനോക്കിനെപ്പോലെ ഉടലോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടവൻ.

## നാടകീയമായ രംഗപ്രവേശനം

പ്രവാചകന്മാരെപ്പറ്റി പഠിക്കുമ്പോൾ സാധാരണ അല്പം ചരിത്രമെങ്കിലും നമുക്ക് ലഭിക്കും - ബാല്യം, കുടുംബം, പിതാവിന്റെ പേര്, പ്രവർത്തനത്തിന് വിളിക്കപ്പെട്ട സാഹചര്യം, ദർശനം ആദ്യം ലഭിക്കുന്ന സമയം, ഇങ്ങനെ പലതും. എന്നാൽ ഏലിയാവിനെപ്പറ്റി ഇതൊന്നും നമുക്ക്

ലഭ്യമല്ല. പിതാവിന്റെ പേരുപോലും അറിയുവാൻ സാധിക്കുന്നില്ല. ഗിലെയാദിലെ ഒരു ചെറു ഗ്രാമമായ തിശ്ബിൽ നിന്ന്, തനിക്കു ദൈവകല്പന ലഭിച്ചതാണ് എന്നതിൽ തെല്ലും സംശയമില്ലാതെ രാജസന്നിധിയിൽ എത്തുന്ന നിശബ്ദനായ ഏലിയാവ്. യഹോവയെ അതിതീക്ഷ്ണമായി പിൻപറ്റിയിരുന്ന ആളായിരുന്നു ഏലിയാവ് എന്ന് തന്റെ പിൽക്കാല പ്രവൃത്തികളിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. *"ഞാൻ സേവിച്ചു നിൽക്കുന്ന യഹോവയാണ ഞാൻ പറഞ്ഞിട്ടല്ലാതെ ഈ ആണ്ടുകളിൽ മഞ്ഞും മഴയും ഉണ്ടാകയില്ല"* എന്നാണല്ലോ അദ്ദേഹം ആദ്യം പറയുന്നത്.

ഭൂമിയിൽ മഴ പെയ്തിട്ടില്ലാത്ത നാളുകളിലാണ് നോഹയോട് ജലപ്രളയത്തിന് വേണ്ടി ഒരുങ്ങുന്നതിന് ദൈവം അരുളിച്ചെയ്യുന്നത്. മഴയും മഞ്ഞും സുലഭമായി ലഭിച്ചുകൊണ്ടിരുന്ന കാലത്താണ് മഴ ഇനി പെയ്യില്ല എന്ന് രാജാവിനോട് പറയുവാൻ ദൈവം ഏലിയാവിനോട് കൽപിക്കുന്നത്. രണ്ടുപേരും ദൈവവിശ്വാസത്തിന്റെ ഉദാഹരണങ്ങളാണ്.

## പ്രവർത്തന ഉദ്ദേശ്യം

1. ആഹാബും ഇസബേലും തുടങ്ങിവച്ച മിഥ്യാമൂർത്തികളുടെ ആരാധന യിസ്രായേലിൽ നിന്ന് പൂർണ്ണമായി നീക്കിക്കളയുക.
2. ജനത്തെ ദൈവാരാധനയിലേക്ക് മടക്കിവരുത്തുക.
3. രാജ്യം നീതിപൂർവ്വമായി ഭരിക്കുവാൻ രാജാക്കന്മാരോട് നിർദ്ദേശിക്കുക.
4. അനീതി കണ്ടാൽ അത് സൂചിപ്പിക്കുക.

ഇതൊക്കെയാണെങ്കിലും രാജാക്കന്മാരും ജനങ്ങളും യഹോവയെ വിട്ട് അന്യദൈവങ്ങളിലേക്ക് തിരിയുന്ന സംഭവങ്ങൾ നമുക്ക് രാജാക്കന്മാരുടെ ചരിത്രത്തിൽ വീണ്ടും കാണാവുന്നതാണ്.

(തുടരും)

---

*(തുടർച്ച പേജ് 8)*

രായിരുന്നു. ഡയോക്ലീഷൻ (Diocletian) ചക്രവർത്തിയുടെ കീഴിൽ പീഡനം അനുഭവിച്ചവരായിരുന്നു അവരിൽ പലരും. പലരുടെയും ശരീരത്തിൽ അടിപ്പാടുകളും മുറിവുകളും ഉണ്ടായിരുന്നു. സുന്നഹദോസിൽ പങ്കെടുക്കുമ്പോൾ ക്രിസ്തുവിന്റെ വിജയമാണ് ആ മഹാസമ്മേളനമെന്നും ഒരു പുതുയുഗം പിറന്നിരിക്കുന്നു എന്നും അവർ വിശ്വസിച്ചു. അതിന്റെയെല്ലാം പ്രതിഫലനം അവരുടെയെല്ലാം മുഖത്തുണ്ടായിരുന്നു. അവരോട് ചക്രവർത്തി പറഞ്ഞു: *"....തർക്കങ്ങൾ യുദ്ധത്തേക്കാളും മറ്റ് ഭിന്നതകളേക്കാളും കൂടുതൽ അപായകരമാണ്; അവ എനിക്ക് മറ്റെന്തിനേക്കാളും കൂടുതൽ ദുഃഖത്തെ തരുന്നു."* (Disputes are more dangerous than war and other conflicts; they bring me more grief than anything else). അറിയൂസിന്റെ വേദവിപരീതത്തെയും അതു സംബന്ധിച്ചുണ്ടായ ഭിന്നതകളെയും അടിസ്ഥാനമാക്കിയായിരുന്നു ചക്രവർത്തിയുടെ ഈ വാക്കുകൾ.

സഭയിൽ വിശ്വാസം ഉറപ്പിച്ചത് സഭാപിതാക്കന്മാരായിരുന്നു. അവർ മാനുഷികമായ കുറവുകൾ ഉള്ളവരായിരുന്നു. പക്ഷേ പരിശുദ്ധാത്മാവായിരുന്നു അവരിൽക്കൂടി പ്രവർത്തിച്ചത്. അതുപോലെ, പരിശുദ്ധാത്മാവാണ് സഭയെ നയിക്കേണ്ടത്. സഭയിൽ ഭിന്നതയുണ്ട്, ക്രിസ്തുവിന് നിരക്കാത്ത പ്രവൃത്തികളുണ്ട്. അവയ്ക്ക് മാറ്റം വരണം. മദർ തെരേസ പറഞ്ഞതുപോലെ, ഓർത്തഡോക്സ് സഭകളുടെ ആരാധനാ ജീവിതവും, റോമൻ കത്തോലിക്കാ സഭയുടെ സേവന സന്നദ്ധതയും, പ്രോട്ടസ്റ്റന്റ് സഭകളുടെ വചനശുശ്രൂഷയിലുള്ള തീക്ഷ്ണതയും ഒത്തുചേർന്നാൽ അത് വലിയ സാക്ഷ്യമായിരിക്കും.

"കാൽപാടുകൾ" എന്ന ശീർഷകത്തിൽ ബഹുമാനപ്പെട്ട ജോണി ജോർജ്ജ് കോർ എപ്പിസ്കോപ്പാ എഴുതിവന്ന ലേഖന പരമ്പര ഇവിടെ അവസാനിക്കുന്നു. നന്ദിപറയട്ടെ. പുതിയ പരമ്പര അടുത്തലക്കത്തിൽ....

**യുവലോകം - 65**

ഫാ. ഡോ. തോംസൺ റോബി



# ജീവിത പ്രതിസന്ധികളെ ആത്മവിശ്വാസത്തോടെ നേരിടുക

ജീവിതം ഒരു സമരമാണ്. ആ സമരത്തിന്റെ ഭാഗമാണ് ഓരോ ദിവസവും നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ. അവയെ കൈകാര്യം ചെയ്യുന്നതിനനുസരിച്ചായിരിയ്ക്കും നമ്മുടെ സമരത്തിലെ ജയാപജയങ്ങൾ. അവസാനം വരെ പൊരുതുവാനുള്ള കെല്പും ഉത്സാഹവും നമുക്കുണ്ടാവണം. ഒരു പാറ പൊട്ടിക്കുവാൻ തുടങ്ങുകയാണന്ന് വിചാരിക്കുക. അതിന് പല പ്രാവശ്യം പാറമേൽ വലിയ ചുറ്റികകൊണ്ട് അടിക്കേണ്ടി വരും. നൂറാമത്തെ അടികൊണ്ടായിരിക്കാം അത് പൊട്ടുന്നത്. എന്നാൽ ആ ഒരു അടികൊണ്ട് മാത്രമല്ല അങ്ങിനെ സംഭവിക്കുന്നത്. അതിന് മുമ്പ് ഉണ്ടായ ഓരോ അടിയും ആ പാറപൊട്ടുന്നതിന് കാരണമായിട്ടുണ്ട്. അതുപോലെ പ്രശ്നങ്ങൾ നീക്കുന്നതിനും ഒരിയ്ക്കൽ ശ്രമിച്ചതു കൊണ്ട് മാത്രം സാധിച്ചു എന്നു വരില്ല. പല അടികൾ കൊണ്ട് പാറ പൊട്ടുന്നതുപോലെ അനേക പരിശ്രമങ്ങൾക്ക് ഒടുവിലാകും നാം വിജയം നേടുന്നത്.

തങ്ങളുടെ കുറവുകളേയും കഷ്ടതകളേയും പറ്റി ആലോചിച്ച് കുണ്ഠിതപ്പെടുന്നവരാണ് അധികമാളുകളും. എന്നാൽ ജീവിതത്തിൽ ജയം നേടുന്നത് തല ഉയർത്തിപ്പിടിച്ച് പ്രസന്നവദനരായി മുന്നോട്ടു പോകുന്ന ആളുകളാണ്. തന്റെ കുറവുകൾ മാത്രം ആലോചിച്ച് നീങ്ങുന്നവന് വിജയം ഉണ്ടാകില്ല. "എന്നെക്കൊണ്ട് ഒന്നും ആവില്ല" എന്ന ഭാവത്തോടെ സംശയിച്ച്, ഭയപ്പെട്ട്, പതുക്കെപ്പതുക്കെ മുന്നോട്ടു നീങ്ങുന്നവന് ബുദ്ധി ഉണ്ടായതുകൊണ്ടു മാത്രം മതിയാവുകയില്ല; ആത്മവിശ്വാസവും കർമ്മധീരതയും ആവശ്യമാണ്.

വിജയം നാം എല്ലാവരും ആഗ്രഹിക്കുന്നു. എന്നാൽ അതിനാവശ്യമായ വില കൊടുക്കുവാൻ അധികംപേരും തയ്യാറാവുകയില്ല. മോഹിച്ചതുകൊണ്ടു മാത്രം ആയില്ല. പ്രതിബന്ധങ്ങൾ എപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കും. അതിനെ വലിയ ഒരു മലയായി കാണാതെ തട്ടിമാറ്റാനുള്ള വിശ്വാസം ഉണ്ടാകണം. പ്രയാസങ്ങൾ സഹിച്ച് ഒരു കുന്നിന്റെ മുകളിൽ എത്തി ചുറ്റുപാടും നോക്കുമ്പോൾ ഉണ്ടാകുന്ന ആനന്ദമാണ് പ്രതിബന്ധങ്ങൾ തകർത്ത് മുന്നേറുമ്പോൾ നമുക്കുണ്ടാകുന്നത്. പ്രതിബന്ധങ്ങൾ നമ്മെ നിരുത്സാഹപ്പെടുത്താൻ പാടില്ല. ബെഞ്ചമിൻ ഫ്രാങ്ക്ളിൻ പറയുന്നത്- *"ജീവിതം പരിശുദ്ധമാകുവാൻ നാം നിരന്തരം പരിശ്രമിക്കണം".* ജീവിത വിജയത്തിന് ആധാരം ഈ പരിശ്രമമാണ്.

എല്ലാ മനുഷ്യരിലും മഹത്തായ ചില ശക്തികൾ ഒളിഞ്ഞു കിടപ്പുണ്ട്. വിവേകത്തോടെ അവ ഉപയോഗപ്പെടുത്തുന്നതായാൽ ഭാവനയിൽ കാണുന്ന പലതും നമുക്ക് യാഥാർത്ഥ്യമാക്കുവാൻ കഴിയും. അബ്ദുൽ കലാം പറഞ്ഞു: *"നിന്റെ വിധി തീരുമാനിക്കുന്നത് നിന്റെ തലേവിധിയല്ല, മറിച്ച് നീയെടുത്ത തീരുമാനങ്ങൾ, അതിലൂടെ നീ ചെയ്യുന്ന പ്രവൃത്തികൾ എന്നിവയാണ്. കാറ്റിന്റെ ദിശ നിങ്ങൾക്ക് മാറ്റാൻ കഴിയില്ല, പക്ഷേ തോണി എങ്ങോട്ട് പോകണമെന്ന് നിങ്ങൾക്ക് തീരുമാനിക്കാം."* നമ്മുടെ ഓരോരുത്തരുടെയും വ്യക്തിപ്രഭാവം മെച്ചപ്പെടുത്തുവാനും ജീവിതം ശരിയായ നിലയ്ക്ക് കൊണ്ടുപോകുന്നതിനുമുള്ള ബാധ്യത നമ്മുടേതാണ്. പ്രതിബന്ധങ്ങൾ കാട്ടുമൃഗത്തെപ്പോലെയാണെന്ന് പറയാറുണ്ട്.

നാം അവയെ കണ്ട മാത്രയിൽ പേടിച്ചോടുകയാണെങ്കിൽ അവ നമ്മെ പിന്തുടർന്നു വന്ന് ആക്രമിക്കും. നേരേമറിച്ച് നിർഭയമായി അവയെ തുറിച്ചു നോക്കിയാൽ അവ ഭയപ്പെട്ട് മാറിപ്പോയി എന്നുവരും. ഒരു പ്രശ്നം തരണം ചെയ്യുന്നതിൽ നിന്ന് നമുക്ക് പുതിയ ശക്തി ലഭിക്കുന്നു.

പ്രശ്നങ്ങൾ കുട്ടികളെപ്പോലെയാണ്. അവയെ അധികം താലോലിക്കുമ്പോൾ കൂടുതൽ വഷളാവുകയേ ഉള്ളൂ. എന്നാൽ പ്രതിസന്ധികളെ നേരിടുമ്പോൾ മനസ്സിന്റെ ഉറപ്പ് കൈവിടാതിരുന്നാൽ മതി. പ്രയാസങ്ങൾ ഇല്ലാത്ത മനുഷ്യനില്ല. ഓരോരുത്തർക്കും അവരവരുടെ ജീവിതത്തിൽ പല പ്രതിസന്ധികളും നേരിടേണ്ടിവരും. അവയെ തരണം ചെയ്യുവാൻ പതറാത്ത ധൈര്യത്തോടുകൂടി നേരിടുകയാണ് വേണ്ടത്. തടസ്സങ്ങൾ ഒരു അനുഗ്രഹമായി കരുതണം. കാരണം, അവയോട് മല്ലിട്ട് ജയം നേടുമ്പോഴാണ് നമ്മുടെ ആനന്ദം അധികരിയ്ക്കുന്നത്. അവ നിങ്ങളുടെ ശക്തി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നു. നിഷ്പ്രയാസം കരഗതമാകുന്ന വിജയം അത്ര തിളക്കമുള്ളതല്ല.


നമുക്ക് പല സത്യങ്ങളും ഉൾക്കൊള്ളേണ്ടതായിട്ടുണ്ട്. പക്ഷെ ലക്ഷ്യം മാത്രം മുൻനിർത്തി തിന്മയെ സ്വീകരിച്ചു മുന്നേറുന്നത് ശരിയായ വിജയം നൽകില്ല. നമ്മുടെ യുവാക്കളിൽ നിരുത്സാഹവും നൈരാശ്യവും വളരുന്നത് വേദനാജനകമാണ്. നൈരാശ്യം അകറ്റി വിശ്വാസം വളർത്താൻ യുവതലമുറ ശ്രദ്ധിക്കണം. സുഖഭോഗതൃഷ്ണ പല സനാതന മൂല്യങ്ങളേയും മറന്നു ജീവിക്കാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നു. ജീവിതം എപ്പോഴും പുൽത്തകിടിയിൽ കൂടിയുള്ള യാത്രയല്ല. അങ്ങനെയായാൽ നാം ഒന്നിനും കൊള്ളാത്തവരായി തീരും. നാം നേരിടുന്ന പ്രതിബന്ധങ്ങളും പരാജയങ്ങളും തരണം ചെയ്തുകൊണ്ടാണ് ശക്തി സംഭരിക്കേണ്ടത്. വീഴ്ചയിൽ നിന്നാണ് പാഠങ്ങൾ പഠിക്കേണ്ടത്. വീഴുന്നവനു വേണ്ടിയല്ല, വീണിട്ട് എഴുന്നേൽക്കുന്നവനുള്ളതാണ് ഈ ലോകം.

കാറ്റിനനുസരിച്ച് ആടുന്ന ഇളം ചെടികളായിരിക്കരുത് നിങ്ങൾ, മറിച്ച് വൻ തിരകൾക്കു നേരേ ഉറച്ചു നില്ക്കുന്ന കനത്ത പാറകളെപ്പോലെയായിരിക്കണം. ലോകത്തിലെ മഹൽസൃഷ്ടിയാണ് മനുഷ്യൻ, മനുഷ്യന്റെ സാധ്യതകൾക്ക് അളവില്ല. ജീവിതത്തിൽ ഉയർച്ചയും താഴ്ചയും ഇല്ലാതിരിക്കില്ല. അപ്പോൾ പ്രതിസന്ധികൾ അവസാനിക്കുന്നതുവരെ ധൈര്യം വിടാതെ നില്ക്കുവാൻ ശ്രമിക്കണം. ശാന്തതയും വെളിച്ചവും അടുത്തു വരുമെന്ന വിശ്വാസത്തിൽ കാത്തുനില്ക്കുക. ഉറപ്പുള്ള മനസ്സും ശുഭാപ്തി വിശ്വാസവും നമുക്കുണ്ടാകണം. തികഞ്ഞ ആത്മവിശ്വാസമാണ് അതിന് ആവശ്യമായിരിക്കുന്നത്. പരിശ്രമശാലികൾക്ക് ഒന്നും വിഘ്നമായി തോന്നുകയില്ല. പ്രതിസന്ധികൾ നേരിടുമ്പോൾ അവയെ തരണം ചെയ്യാനുള്ള കഴിവ് നിങ്ങൾക്കുണ്ട് എന്ന് പൂർണ്ണമായി വിശ്വസിക്കുക. അപ്പോൾ നാം സാധ്യമല്ലെന്ന് വിചാരിച്ച പലതും സാധ്യമായിത്തീരുമെന്ന ബോധ്യം നമ്മിലുണ്ടാകും. അതുകൊണ്ട് യുവ സമൂഹമേ, പ്രതിബന്ധങ്ങളെ കണ്ട് ഓടിയൊളിക്കുകയല്ല, മറിച്ച് അവയെ ധൈര്യപൂർവ്വം നേരിട്ട് ജയം കണ്ടെത്തുവാനുള്ള ശ്രമമാണ് നമ്മിൽ ഉണ്ടാകേണ്ടത്. ആ വിധത്തിലുള്ള ആത്മവിശ്വാസത്തോടെ പ്രതിബന്ധങ്ങളെ തരണം ചെയ്യുവാൻ നമ്മുടെ യുവതലമുറയ്ക്ക് കഴിയട്ടെ എന്നു പ്രാർത്ഥിക്കുന്നു. ◎

> "It is not what you accomplish;
> It is what you overcome
> to accomplish it
> That sets you apart."
>
> - Jimmy Connors

**ഇതൾ - 12**

ഫാ. നോബിൻ ഫിലിപ്പ്




# പിൻതിരിയാതെ

ഈ അടുത്തിടെ 'നാട്ടുപച്ച' എന്ന ടി.വി. പരിപാടിയിൽ വ്യത്യസ്തമായ ഒരു കൃഷി സംരംഭം തുടങ്ങിയ ഒരു മനുഷ്യനെ പരിചയപ്പെടുത്തി. ജീവിതത്തിൽ സൗന്ദര്യത്തിന്റെയും കഴിവിന്റെയും പിന്നാലെ പോയി പരാജയപ്പെട്ടിട്ട്, ഒരു മധുര പ്രതികാരമായി, തികച്ചും വ്യത്യസ്തമായി, കേരളത്തിലാദ്യം Dolphin IBA Donkey Farm എന്ന കഴുത ഫാം തുടങ്ങിയ എബി ബേബി. നാട്ടുകാരും, സുഹൃത്തുക്കളും, ബന്ധുക്കളും എല്ലാം നിരുത്സാഹപ്പെടുത്തുകയും പരിഹസിക്കുകയും ചെയ്തിട്ടും പിൻതിരിയാതെ മുമ്പോട്ടു പോകുന്ന ഒരു ചെറുപ്പക്കാരൻ.

എന്താണ് ചെയ്യേണ്ടത് എന്ന് അറിവില്ലാത്തതുകൊണ്ടാണ് പലപ്പോഴും നാം പ്രവർത്തിക്കാൻ മടിക്കുന്നത്. അങ്ങനെയൊക്കെ ചെയ്താൽ എന്ത് സംഭവിക്കും എന്ന ചിന്തയാണ് നമ്മെ പിന്നോട്ടു പിടിച്ചു വലിക്കുന്നത്. നാം അങ്ങനെയൊക്കെ ചെയ്താൽ മറ്റുള്ളവർ നമ്മെ നിസ്സാരക്കാരായി കാണില്ലേ? നാം പ്രതീക്ഷിച്ച രീതിയിൽ കാര്യങ്ങൾ നടന്നില്ലെങ്കിൽ അതു വലിയ നാണക്കേടാകില്ലേ? ഇങ്ങനെ ഒട്ടനവധി മുൻവിധികളും ഭയാശങ്കകളും നമ്മെ പിന്നോട്ടു പിടിച്ചു വലിക്കുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്യും. എന്തെങ്കിലുമൊക്കെ സംഭവിച്ചാലോ, ആളുകൾ നമ്മെ തെറ്റിദ്ധരിച്ചാലോ എന്നൊക്കെ ചിന്തിച്ചുകൊണ്ടിരുന്നാൽ ഒരിക്കലും പ്രവർത്തിക്കാൻ കഴിയില്ല. എന്നിരുന്നാലും വിജയാപജയസാധ്യതകളെ മുൻകൂട്ടി കാണുകയും പരാജയ ഘടകങ്ങളെ തിരിച്ചറിഞ്ഞ് അവയെ ഒഴിവാക്കുകയും ചെയ്യണം. അമിതമായ ആത്മവിശ്വാസവും അഹങ്കാരവും നമ്മെ നയിക്കാനും പാടില്ല. കാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കി പ്രാർത്ഥനാപൂർവ്വം ജീവിതത്തെ ധൈര്യത്തോടെ നേരിടണം.

*"Life is like a piano,*
*What you get out of it*
*depends on how you play it."*



# ബാങ്ക് ഓഫ് ഇന്ത്യ

## യു.സി. കോളജ് ശാഖ, ആലുവ

ടെലഫോൺ : 0484 2603838, 2606491
Mob : 9496310982

**താഴെക്കാണുന്ന നിക്ഷേപപദ്ധതികളും വായ്പാ പദ്ധതികളും ബാങ്കിൽ ലഭ്യമാണ്.**

സേവിംഗ്സ് ബാങ്ക് നിക്ഷേപം
ഹ്രസ്വകാല/ദീർഘകാല
സ്ഥിരനിക്ഷേപങ്ങൾ
പ്രവാസി (NRE) നിക്ഷേപങ്ങൾ
റിക്കറിംഗ് നിക്ഷേപങ്ങൾ
ഇൻഷുറൻസ് പദ്ധതികൾ
സ്വർണ്ണനാണയങ്ങൾ

മുതിർന്ന പൗരന്മാർക്ക് കൂടുതൽ പലിശ
ATM, BTM, Net Banking സൗകര്യങ്ങൾ
ഭവന വായ്പ
വാഹന വായ്പ
വ്യാപാര വായ്പ
സ്വർണ്ണപ്പണയ വായ്പ
കാർഷിക വായ്പ

വിശദവിവരങ്ങൾക്ക്
മാനേജരുമായി ബന്ധപ്പെടുക.

**തിരനോട്ടം**

സൂസി ചെറിയാൻ



# ദീനായുടെ ദുഃഖം

ഞാൻ ദീനാ. യിസ്രായേൽ എന്ന് മറുപേരുള്ള യാക്കോബിന്റെ ഒരേ ഒരു പുത്രി. പന്ത്രണ്ട് സഹോദരന്മാരുടെ ഒരേ ഒരു പെങ്ങൾ. എന്നെപ്പറ്റി നിങ്ങളിൽ പലരും വായിച്ചിട്ടുണ്ടാകാം. പക്ഷേ, എന്റെ ദുഃഖം ആരും മനസ്സിലാക്കിയിട്ടുണ്ടെന്ന് തോന്നുന്നില്ല. എന്നെപ്പറ്റി ആരും പള്ളികളിൽ പ്രസംഗിക്കാറില്ല. ഒരു പ്രസിദ്ധീകരണങ്ങളിലും എഴുതാറുമില്ല.

ഞാൻ ഒരു പാവം ഇടയകന്യകയാണ്. എന്റെ അപ്പൻ ഇരുപതു വർഷം പദ്ദൻ അരാമിൽ തന്റെ അമ്മാവന്റെ ആടുകളെയും കന്നുകാലികളെയും ഒട്ടകങ്ങളെയും മേയിച്ചു. അതിന്റെ പ്രതിഫലമായി അമ്മാവന്റെ രണ്ടു പെൺമക്കളെ എന്റെ അപ്പന് കല്യാണം ചെയ്തുകൊടുത്തു. ഒന്ന് എന്റെ അമ്മ ലേയ, മറ്റത് എന്റെ ചിറ്റമ്മ റാഹേൽ. അവരുടെ ദാസിമാരേയും അവർക്ക് കൊടുത്തു - സിൽപയും ബിൽഹയും. ആടുമാടുകളെയും കന്നുകാലികളെയും തീറ്റുന്നതിന് എന്റെ അപ്പനും സഹോദരങ്ങളും മരുഭൂമിയിലും കാട്ടുപ്രദേശങ്ങളിലും വെള്ളമുള്ള പ്രദേശങ്ങളിലും മാറി മാറി സഞ്ചരിച്ചു കൊണ്ടിരുന്നു.

എന്റെ അപ്പൻ യാക്കോബ് പദ്ദൻ അരാമിലേക്ക് പോകുവാനുണ്ടായ കാരണം കേൾക്കണ്ടേ? അപ്പന്റെ അപ്പൻ യിസഹാക്കിന് ഇരട്ടക്കുട്ടികളായിരുന്നു. ആദ്യം ജനിച്ചത് ഏശാവ്. അവൻ ചുവന്ന നിറമുള്ളവനും ദേഹം മുഴുവൻ രോമം ഉള്ളവനും ആയിരുന്നു. ഇളയവൻ യാക്കോബാകട്ടെ സുന്ദരനും. അമ്മയ്ക്ക് യാക്കോബിനോടായിരുന്നു കൂടുതൽ സ്നേഹം. ഒരു ദിവസം യിസഹാക് ഏശാവിനെ വിളിച്ച്, "എനിക്ക് ഇഷ്ടമുള്ള വേട്ടയിറച്ചി പാകം ചെയ്തുകൊണ്ടുവരണം; അതു ഭക്ഷിച്ചിട്ട് ഞാൻ നിന്നെ അനുഗ്രഹിക്കാം" എന്ന് പറഞ്ഞു.

ഇതു കേട്ട് അവരുടെ അമ്മ റിബേക്കാ തന്റെ വാത്സല്യ പുത്രൻ യാക്കോബിനെ വിളിച്ച് ഉണ്ടായ സംഭവമെല്ലാം പറഞ്ഞു; ഒരു ആട്ടിൻകുട്ടിയെ കൊന്ന് അപ്പന് ഇഷ്ടമുള്ള രീതിയിൽ പാകം ചെയ്ത് യാക്കോബിന്റെ കയ്യിൽ അപ്പന് കൊടുത്തയച്ചു. "മകനേ നീ ഏശാവ് തന്നെയോ - ഇങ്ങു അടുത്തു വന്നേ - ഞാനൊന്നു തൊട്ടു നോക്കട്ടെ" എന്നു യിസഹാക്ക് പറഞ്ഞു. യാക്കോബിന്റെ കൈകളും കഴുത്തും ആട്ടിൻകുട്ടിയുടെ രോമമുള്ള തോലുകൊണ്ട് അമ്മ പൊതിഞ്ഞു കൊടുത്തിരുന്നു. അങ്ങനെ യിസഹാക്ക് ഏശാവെന്നു കരുതി തന്റെ എല്ലാ അനുഗ്രഹങ്ങളും യാക്കോബിന് കൊടുത്തു. ഏശാവ് തിരികെ വന്ന് ഇതറിഞ്ഞപ്പോൾ ഉച്ചത്തിൽ പൊട്ടിക്കരഞ്ഞു - "അപ്പാ എനിക്ക് ഒരു അനുഗ്രഹവും മാറ്റിവച്ചിട്ടില്ലയോ? എന്നേയും കൂടി അനുഗ്രഹിക്കേണമേ" എന്ന് പറഞ്ഞു. "ഞാൻ അവനെ നിനക്ക് പ്രഭുവാക്കി - നിന്റെ സഹോദരന്മാരെയെല്ലാം അവന് ദാസന്മാരുമാക്കി - ഇനിയും എനിക്ക് എന്തു ചെയ്യാൻ കഴിയും" എന്ന് പറഞ്ഞ് യിസഹാക്ക് കൈയൊഴിഞ്ഞു.

ഏശാവ് കോപിച്ച് യാക്കോബിനെ കൊന്നുകളയുമോ എന്നു പേടിച്ച് അവരുടെ അമ്മ യാക്കോബിനെ പദ്ദൻ അരാമിൽ തന്റെ സഹോദരനായ ലാബാന്റെ അടുത്തേക്ക് അയച്ചു. ലാബാൻ യാക്കോബിന് തന്റെ ആടുകളെ മേയ്ക്കുന്ന ജോലി നൽകി. ഏഴുകൊല്ലം കഴിഞ്ഞപ്പോൾ എന്റെ അമ്മ ലേയയെ കല്യാണം കഴിച്ചുകൊടുത്തു. വാസ്തവത്തിൽ ലാബാൻ എന്റെ അപ്പനെ ചതിക്കുകയാണ് ചെയ്തത്. കാരണം, എന്റെ അപ്പൻ ഇളയ മകളായ റാഹേലിനെ ആയിരുന്നു സ്നേഹിച്ചിരുന്നത്. ഒരു ഏഴു കൊല്ലം കൂടി തന്റെ ആടുകളെ മേയിച്ചാൽ റാഹേലിനെയും കൊടുക്കാമെന്ന് ലാബാൻ സമ്മതിച്ചു. അങ്ങനെ ഏഴു കൊല്ലം കഴിഞ്ഞ

പ്പോൾ റാഹേലിനെയും വിവാഹം കഴിച്ചു കൊടുത്തു. രണ്ടു മക്കൾക്കും ഓരോരോ ദാസി മാരേയും കൊടുത്തു; അവരാണ് സിൽപയും ബിൽഹയും.

എന്റെ അമ്മ ലേയയ്ക്ക് രൂബേൻ, ശിമ യോൻ, ലേവി, യെഹൂദാ എന്ന നാലു മക്കൾ ജനിച്ചു. പക്ഷേ, അപ്പോഴും ചിറ്റമ്മക്ക് മക്കൾ ഉണ്ടായില്ല. അവർക്ക് ഭയങ്കര സങ്കടവും ദേഷ്യവും ആയി. അവരുടെ ദാസിയെ ഭാര്യ യായി സ്വീകരിച്ച് ഒരു പുത്രനെ കൊടുക്കുവാൻ ഭർത്താവിനോട് പറഞ്ഞു. അങ്ങനെ അപ്പൻ ബിൽഹയെ ഭാര്യയായി എടുത്തു. അവർക്ക് രണ്ടു മക്കൾ ഉണ്ടായി - ദാനും നഫ്താലിയും. അപ്പോൾ എന്റെ അമ്മ അവരുടെ ദാസി ശിൽ പ്പയെ ഭർത്താവിന് കൊടുത്തു; അവർക്കും രണ്ടു കുട്ടികൾ ഉണ്ടായി - ഗാദും ആശേറും.

എന്റെ അമ്മക്ക് പിന്നെയും രണ്ട് ആൺ മക്കൾ ഉണ്ടായി. അവരാണ് യിസ്സാഖാറും സെബുലൂനും. അതിനുശേഷമാണ് ഞാൻ ജനിക്കുന്നത്. അപ്പോഴേക്കും അമ്മയ്ക്കും ചിറ്റ മ്മയ്ക്കും പ്രായമായി. ആ സമയത്താണ് ചിറ്റ മ്മയ്ക്ക് ഒരു മകൻ ജനിക്കുന്നത് - അതാണ് ജോസഫ്. ചിറ്റമ്മ വീണ്ടും ഗർഭിണിയായി ബെന്യാമിനെ പ്രസവിച്ചു; പക്ഷേ ആ പ്രസവ ത്തോടുകൂടെ ചിറ്റമ്മ മരിച്ചുപോയി. പിന്നെ എന്റെ അമ്മയും ദാസിമാരും കൂടെയാണ് ആ കുഞ്ഞിനെ വളർത്തിയെടുത്തത്.

ഈ കാലമത്രയും എന്റെ അപ്പനും ആൺമ ക്കളും പദ്ദൻ അരാമിൽ ലാബാന്റെ ആടുമാടു കളെയും ഒട്ടകങ്ങളെയും മേയിച്ച് നടക്കുകയാ യിരുന്നു. അതിന് പ്രതിഫലമായി കുറെ ആടു കളെയും മാടുകളെയും ലാബാൻ അവർക്ക് കൊടുത്തു. എന്റെ അപ്പന് സ്വന്തം നാട്ടിലേക്ക് പോകണമെന്ന് അതിയായ ആഗ്രഹം ഉണ്ടായി.

അങ്ങനെ ഞങ്ങൾ സ്ത്രീകളും കുട്ടികളും ആടുമാടുകളും ഞങ്ങളുടെ എല്ലാ സമ്പത്തും ശേഖരിച്ച് അവിടെ നിന്ന് യാത്രയായി. കുറെ ദിവസങ്ങൾക്കു ശേഷം ഞങ്ങൾ കനാൻ ദേശത്ത് ശേഖേം നഗരത്തിൽ എത്തിച്ചേർന്നു. അവിടെ ഹമോറിന്റെ പുത്രന്മാരോട് നൂറു വെള്ളിക്കാശിന് കുറെ സ്ഥലം വാങ്ങി കൂടാര മടിച്ചു താമസം തുടങ്ങി. അവിടെ ഒരു ബലി പീഠവും പണിതു. ആ സ്ഥലത്തിന് "ഏൽ - എലോഹേ - യിസ്രായേൽ" എന്ന് പേരിട്ടു.

അപ്പോഴേക്കും ഞാൻ പ്രായപൂർത്തിയായ ഒരു സുന്ദരി പെൺകുട്ടിയായി. ഒരു ദിവസം ഞാൻ എന്റെ കൂട്ടുകാരുമൊത്ത് ആ നാട്ടിലെ പെൺകുട്ടികളെ കാണാൻ പോയി. അപ്പോൾ ആ ദേശത്തിലെ പ്രഭുവായ ശേഖേം ഞങ്ങളെ കാണുകയും ഞങ്ങളെ അയാളുടെ വീട്ടിലേക്ക് ക്ഷണിച്ചുകൊണ്ടുപോവുകയും ചെയ്തു. അയാളുടെ അപ്പനും അമ്മയ്ക്കും എന്നെ വളരെ ഇഷ്ടമായി. അയാൾക്ക് എന്നെ വിവാഹം ചെയ്താൽ കൊള്ളാമെന്ന് ആഗ്ര ഹവും ഉണ്ടായി. ഞങ്ങൾ പലപ്പോഴും അവി ടെവച്ച് കണ്ടുമുട്ടി, പരസ്പരം ഇഷ്ടപ്പെട്ടു, അങ്ങനെ ഞാൻ ഗർഭിണിയായി.

ശേഖേം തന്റെ അപ്പനേയുംകൂട്ടി എന്റെ അപ്പന്റെ അടുത്തുവന്ന് എന്നെ അയാൾക്ക് വിവാഹം ചെയ്തു കൊടുക്കണമെന്ന് അപേ ക്ഷിച്ചു. "ഞങ്ങളുടെ പുത്രിമാരെ നിങ്ങൾക്കു വിവാഹം ചെയ്തു തരാം. ഈ ദേശം നിങ്ങൾ ക്കായി തുറന്നിട്ടിരിക്കുന്നു. നിങ്ങൾക്ക് ഇവിടെ പാർത്തു വ്യാപാരം ചെയ്യാം. നിങ്ങൾക്ക് എന്നോട് കൃപ തോന്നിയാൽ നിങ്ങൾ പറയു ന്നത് ഞാൻ തരാം. സ്ത്രീധനവും ദാനവും എത്രയെങ്കിലും ചോദിപ്പിൻ, നിങ്ങൾ പറയും പോലെ ഞാൻ തരാം, ബാലയെ എനിക്ക് ഭാര്യയായി തരേണം" എന്ന് പറഞ്ഞു.

ഇതു കേട്ട് എന്റെ ജ്യേഷ്ഠന്മാർ ശേഖേമി നോടും അയാളുടെ പിതാവായ ഹാമോറി നോടും കൗശലപൂർവ്വം സംസാരിച്ചു. അവർ പറഞ്ഞു: ''പരിഛേദന സ്വീകരിക്കാത്ത ഒരാൾക്ക് ഞങ്ങളുടെ സഹോദരിയെ വിവാഹം ചെയ്തുകൊടുക്കാവുന്നതല്ല. നിങ്ങൾ ഞങ്ങ ളെപ്പോലെ പരിഛേദന സ്വീകരിക്കണം. നിങ്ങ ളുടെ കൂട്ടത്തിലുള്ള ഓരോ പുരുഷനും പരി ഛേദന സ്വീകരിക്കണം. അങ്ങനെ ചെയ്താൽ ഞങ്ങളുടെ സഹോദരിയെ നിങ്ങൾക്ക് തരാം."

*(ശേഷം പേജ് 20-ൽ)*

മാതൃസ്മൃതി

ഡോ. മ്യൂസ് മേരി



# അമ്മയെക്കുറിച്ച്

മാതാവിന്റെ സ്വർഗ്ഗാരോഹണത്തിരുന്നാൾ ആചരിക്കുന്നത് ഓഗസ്റ്റ് 15-ന് ആണല്ലോ. ആയതിനാൽ ഈ നാളുകളിൽ നമ്മുടെ ആലോചന കന്യാമറിയാമിനെക്കുറിച്ച് ആകുന്നത് നല്ലതാണ്. യേശുക്രിസ്തുവിന്റെ അമ്മ മാത്രമായിട്ടല്ല വിശ്വാസികൾ കന്യാമറിയാമിനെ കാണുന്നത്; ഓരോരുത്തരും അവരവരുടെ അമ്മയായിത്തന്നെയാണ് കണക്കാക്കുന്നത്. സങ്കടങ്ങളിലും സന്ദേഹങ്ങളിലും പരിശുദ്ധ അമ്മയുടെ സന്നിധിയിലേക്ക് നാം ചെല്ലുന്നു. കന്യാമറിയാമിന്റെ ജീവിതാന്ത്യഘട്ടത്തെക്കുറിച്ചുള്ള സാമാന്യവിശ്വാസം തന്റെ പുത്രൻ അമ്മയെ സ്വർഗ്ഗത്തിലേക്കു കരേറ്റി എന്നാണ്. പൗരസ്ത്യ സഭകൾ വലിയ പ്രാധാന്യത്തോടെ ഈ വിശ്വാസത്തെ ആഘോഷിക്കുന്നു.

മാതാവിനെ പുത്രനായ യേശു സ്വർഗ്ഗത്തിലേക്ക് കരേറ്റിക്കൊണ്ടു പോയതായി വിശ്വസിക്കുന്നുവെന്ന് പറഞ്ഞല്ലോ. മകന്റെ ജീവിതത്തിലെ എല്ലാ പ്രതിസന്ധികളിലും കൂടെ നിന്ന അമ്മയെ മകൻ മരണാനന്തരം കൂടെക്കൊണ്ടുപോയതായി വിശ്വസിക്കാനാണ് ഇന്നെനിക്ക് ഇഷ്ടം. തന്റെ ഇഷ്ടത്തിനും വരുതിക്കും മക്കളെ വളർത്തുകയും നിർത്തുകയും ചെയ്യുന്ന സാമാന്യഗൃഹപാഠത്തിന്റെ വേറിട്ട വായനയാണ് ഞാൻ മാതാവിൽ കാണുന്നത്. സാമൂഹ്യജീവിതത്തിലും വ്യത്യസ്തമായ പാഠം നിർമ്മിച്ച ജീവിതമായിട്ടാണ് സുവിശേഷങ്ങൾ മാതാവിനെ ചിത്രീകരിക്കുന്നത്. കന്യാമറിയത്തിന്റെ ഗീതം ചേർത്തിരിക്കുന്നത് ലൂക്കോസ് സുവിശേഷകനാണ്. ലോകം വന്ധ്യയെന്ന് വിളിച്ച ഒരുവൾ ഗർഭിണിയായപ്പോൾ ഗർഭിണിയായ കന്യക അവരെ സന്ദർശിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും അത് ഗീതമായി ആലപിക്കുകയും ചെയ്തു. ഞാൻ വായിച്ച/കേട്ട ആദ്യ വിപ്ലവഗാനം അതായിരുന്നു. ഭൂമിയിലെ സമ്പത്തും ശക്തിയും അധികാരവും വേറിട്ട രീതിയിൽ നോക്കിക്കാണുകയും പ്രഘോഷിക്കുകയും ചെയ്ത പാട്ട്. പഴയ നിയമത്തിലെ പ്രവാചക വചനങ്ങളുടെ കാവ്യാത്മകമായ പെൺഭാഷ്യമായിരുന്നു അത്. ഇങ്ങനെ ഞാനെഴുതുമ്പോൾ പരിശുദ്ധ കന്യാമറിയത്തെ സ്ത്രീവിമോചകയും വിപ്ലവകാരിയുമൊക്കെയായി അധിക്ഷേപിക്കുകയാണ് എന്ന് പുരികം ചുളിക്കുന്നവർ ഉണ്ടാകാം. പക്ഷേ, ദരിദ്രർക്കും ബലഹീനർക്കും അടിമജനതയ്ക്കും ഉള്ള പ്രതീക്ഷയും വാഗ്ദാനവും ആയിരുന്നു ആ കന്യകയുടെ ഗീതം. സങ്കീർത്തനം 113-ന്റെയും സങ്കീർത്തനം 82-ന്റെയും സാരം അതിൽ തുളുമ്പി നിൽക്കുന്നുണ്ട്. കന്യാമറിയത്തിന്റെ ഗീതത്തിൽ വന്ധ്യയെയും കന്യകയെയും ഗർഭാവസ്ഥയിലൂടെ കടന്നുപോകാൻ തിരഞ്ഞെടുത്ത ദൈവപദ്ധതിയിൽ നിലവിലുള്ള സാമാന്യസാമൂഹ്യ നിയമങ്ങളുടെ പൊളിച്ചെഴുത്ത് ഉണ്ട്. ദൈവികപദ്ധതിയും മനുഷ്യസൃഷ്ടമായ സാമൂഹ്യനിയമങ്ങളും തമ്മിലുള്ള വിഘടിച്ചു നിൽക്കൽ പ്രകടമാണിവിടെ. ഇത്തരമൊരു തുടക്കത്തിൽ നിന്നാണ് സ്വർഗ്ഗാരോഹണം വരെയുള്ള മാതാവിന്റെ ജീവിതം ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. അധികാരത്തെയും നീതിയെയും പുനർവായിക്കുന്ന ദൈവിക പദ്ധതിയെ ആ അമ്മ തീർച്ചയായും മകന് പരിചയപ്പെടുത്തിക്കൊടുത്തിട്ടുണ്ടാവും. മലയിലെ പ്രസംഗം ഇതിന്റെ വിപുലപാഠമായി കാണാനാണ് എനിക്കിഷ്ടം. ഞാൻ അത് പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു. ഭക്തിയും ധ്യാനവും പ്രാർത്ഥനയും അലിവും ജ്ഞാനവും നീതിബോധവും ദൈവിക പദ്ധതിയെ തിരിച്ചറിയുന്ന വിവേകവുമൊക്കെയുള്ള ആളാണ് എനിക്ക് മാതാവ്.

രോഗികളെയും അനാഥരെയും വിധവമാരെയും വേശ്യകളെയും പാപിനിയെയും ജ്ഞാനകാംക്ഷികളെയും പുറജാതിക്കാരിയെയും ഒക്കെ കരുതുകയും അഭിസംബോധന ചെയ്യുകയും ചെയ്യുന്ന മകനെ രൂപപ്പെടുത്തിയ മാതാവ് എത്രമാത്രം ശക്തയും അറിവുള്ളവളും ആത്മീയോർജ്ജം ഉള്ളവളും ആയിരിക്കും. സുവിശേഷങ്ങളിലൂടനീളം ദൈവപുത്രൻ സ്ത്രീകളോട് സ്നേഹവും കരുതലും അംഗീകാരവും ഉള്ളയാളായാണ് കാണപ്പെടുന്നത്. പെണ്ണുങ്ങളെ ഭർത്സിക്കുകയോ അധികാരംകൊണ്ട് ശ്വാസം മുട്ടിക്കുകയോ അനീതിയോടെ നോക്കുകയോ ചെയ്യാത്ത യേശുവിൽ മാതാവിന്റെ പൂർത്തീകരണം കാണാൻ സാധിക്കും. അമ്മ മാത്രമല്ല, അമ്മയും കൂട്ടുകാരികളും ആ മകനെ പിൻചെല്ലുന്നതായി നാം കാണുന്നു. പരസ്യജീവിതത്തിലും അതിനു മുമ്പുള്ള കാലത്തും ക്രൂശാരോഹണത്തിലും ഉറപ്പോടെ മകന്റെ കൂടെ നടന്ന ഒരമ്മയെ മകൻ സ്വർഗ്ഗത്തിലേയ്ക്ക് കൂട്ടിക്കൊണ്ടു പോയില്ല എങ്കിലേ അത്ഭുതപ്പെടേണ്ടതുള്ളൂ. സാമൂഹ്യജീവിതത്തിൽ സജീവമായി ഇടപെടുമ്പോഴാണ് ചരിത്രം നിർമ്മിക്കപ്പെടുന്നത്. ചരിത്രത്തെ നിർമ്മിച്ച പുത്രന് ചരിത്രം പുനർവായിച്ച അമ്മയുടെ രൂപം മുന്നിലുണ്ടായിരുന്നിരിക്കണം. ഗർഭിണിയായ കന്യക എന്ന മുദ്ര മറിയത്തിന്റെ ജീവിതാന്ത്യം വരെ പിന്തുടർന്നിരിക്കാം. കാരണം, മറിയം ജീവിച്ചിരുന്നത് സാമ്പത്തികമായും സാമൂഹ്യമായും ഒരധികാരസ്ഥാനത്തിലുമല്ല. ഒറ്റപ്പെടലും നിന്ദയും അവമതിയും ഒരു സ്ത്രീയെന്ന നിലയിൽ നേരിട്ടുകൊണ്ട് ജീവിച്ച ആ പുണ്യവതിയെ ഞാൻ ധ്യാനിക്കുന്നു. ഭൂമിയിൽ നീതിയും നീതിയിൽ പ്രത്യാശയും പുലർത്താ നും ആവിഷ്ക്കരിക്കാനും ശ്രമിച്ച അമ്മയ്ക്ക് മകൻ സ്വർഗ്ഗവാതിലുകൾ തുറന്നു കൊടുത്തു എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

നമ്മുടെ വിശ്വാസജീവിതത്തിന്റെ വഴുക്കൽ പടവുകളിൽ തെന്നിവീഴാൻ തുടങ്ങുമ്പോൾ ഇങ്ങനെയുള്ള മാതാവിന്റെ കൈകൾ പിടിക്കാൻ നാം ശ്രമിച്ചിരുന്നെങ്കിൽ ഭൂമിയെത്ര നിറപ്പുള്ള നിർമ്മിതി/സ്വർഗ്ഗം ആയി മാറുമായിരുന്നു. രൂപക്കൂട്ടിൽ അനുഗ്രഹദായിനിയായി മാത്രം സ്ഥിതി ചെയ്യുന്ന മാതാവിനെ കാണുന്നതിനൊപ്പം ഇടയ്ക്കെങ്കിലും നീതിബോധവും കരുണയും സ്ത്രീപക്ഷപരിഗണനകളും ഉള്ള മകനെ രൂപപ്പെടുത്തി എടുത്ത അമ്മ ആ രൂപക്കൂടിനുള്ളിൽ ഉണ്ടെന്ന് നമുക്ക് ചിന്തിക്കാനാവുമോ? ◎

---

